ഭക്തിദീപ്തി



മഹാകവി
മേപ്രാൽ എ.പി.രാഘവ പണിക്കർ

മഹാകവി
മേപ്രാൽ എ.പി.രാഘവ പണിക്കരുടെ "ഭക്തിദീപ്തി" സജ്ജന സമക്ഷം സമർപ്പിക്കുന്നു.

ഭക്തിദീപ്തി



വെബ് എഡിഷൻ 2020

പൂന്താനത്തിന്റെ ജ്ഞാനപ്പാനപോലെ
ലളിതമധുരവും തത്വജ്ഞാനം കൊണ്ടു പ്രശാന്തഗംഭീരവുമാണ് ഈ കൃതി.

(201 ശ്ലോകങ്ങൾ)

അക്ഷരമാല ക്രമമായാണ് ശ്ലോകങ്ങൾ
എഴുതിയിരിക്കുന്നത്.

നമ്മുടെ ഏവരുടേയും ജീവിതത്തിന് വഴികാട്ടിയാണീ ചെറുകൃതി.

പ്രകൃതിയിലെ
കൊച്ചു ദൃശ്യങ്ങൾ
ഉദാഹരണങ്ങളായെടുത്തു
പെട്ടന്നു മനസ്സിൽ പതിയുന്ന
ചിത്രങ്ങൾ
രചിച്ചു

ഭക്തിദീപ്തി

ഭക്തകവി ഒരു ഗുരുവിനെപ്പോലെ നമ്മെ ഉണ്മയിലേയ്ക്കും
തദ്വാര
ഈശ്വരനിലേയ്ക്കും
നയിക്കുന്നു



അഭ്രനീലകളേബരം സുന്ദരം
ശംഖചക്രഗദാംബുജശോഭിതം
പീതവാസസം ദേവകീനന്ദനം
ബാലഗോപാലം ഭാവയേഹം സദാ

।

ഭക്തിദീപ്തി

ഭക്തിദീപ്തി

അഭ്രനീലകളേബരം സുന്ദരം
ശംഖചക്രഗദാംബുജശോഭിതം
പീതവാസസം ദേവകീനന്ദനം
ബാലഗോപാലം ഭാവയേഹം സദാ!

ആമയങ്ങളകലുവാനീശ്വര
നാമജാലം ജപിക്കണം നിത്യവും
ആഗമപ്പൊരുളാകിന ദേവനെ
പൂജചെയ്യണമെപ്പെഴും,ഗോവിന്ദ ! 2

ഇച്ഛയാകുന്നു സങ്കട കാരണം
ഇച്ഛതീരുകിൽ മുക്തി ലഭിച്ചിടും
ഇച്ഛമീശ്വര സേവയിലാകണം
മച്ഛമാനസനാകണം, ഗോവിന്ദ. 3

ഈർഷ്യ തോന്നരുതാരിലുമൊന്നിലു-
മീശസൃഷ്ടിയാണൊക്കയുമൂഴിയിൽ
ഈശരൂപമായി കാണണം സർവ്വവും
ഈശനെന്നിയെ മറ്റില്ല, ഗോവിന്ദ ! 4

ഉള്ളം നിത്യവും ശുദ്ധമായീടണം
ഭള്ളു തെല്ലും കലരാതിരിക്കണം
കള്ളവും,ചതി, വഞ്ചനയെന്നിവ
തെല്ലുമെന്നിയെവാഴണം,ഗോവിന്ദ ! 5

ഊറിച്ചേരണം മാനസമീശ്വര-
ചാരുലീലാവിലാസത്തിലെപ്പൊഴും
ഈശചിന്തയാൽ പൂർണ്ണമാം മാനസം
മറ്റുചിന്ത കലർന്നിടാ ഗോവിന്ദ! 6

എണ്ണമറ്റുള്ളജന്മം കഴിഞ്ഞു താൻ
മാനവാകാരമീവിധം ലഭ്യമായ്
മുക്തിനേടുവാനീ നരജിവിതം
ശക്തിയാർജ്ജിച്ചു വാഴണം,ഗോവിന്ദ! 7

ഏണിയാകണമീത്തനശാശ്വത-
ബ്രഹ്മഭാവത്തിലേറിപ്പിടിക്കുവാൻ
കാണിനേരവും പാഴിൽ കളയാതെ
താണുകുപ്പണമീശനെ,ഗോവിന്ദ! 8

ഐഹീക സുഖദു:ഖങ്ങളാകയും
ദേഹസംബന്ധമാത്രമണോർക്കണം
മോഹജാലങ്ങളാത്മ വിനാശക-
ഹേതുവെന്നു ധരിക്കണം,ഗോവിന്ദ! 9

ഒട്ടിപ്പോകരുതൊട്ടുമേ മാനസം
ദുഷ്ട്ടു ചേരുന്ന ഭോഗാഭിലാഷത്തിൽ,
കട്ടിക്കാറണിവർണ്ണൻ തൻ പാദത്തി-
ലൊട്ടിച്ചേരണം മാനസം,ഗോവിന്ദ! 10

ഓർമ്മയുള്ളരുവേളയിലെപ്പൊഴു-
മോർമ്മിച്ചീടണമീശ്വരനാമങ്ങൾ
ഒർമ്മവിട്ടുനാം പോകുന്നവേളയിലാ-
ത്മശാന്തി ലഭിക്കുവാൻ ഗോവിന്ദ ! 11

ഔത്സുക്യം ജഗദീശ്വര ചിന്തയി-
ലൗന്നത്യം പദപങ്കജ പൂജയിൽ
ഔദ്ധത്യം പദഭക്തനെന്നാകണ-
മുള്ളിൽ വാഴണമീശ്വരൻ, ഗോവിന്ദ ! 12

അത്രദുഖദമാകുമീജീവിതം
ഗാത്ര പോഷണം മാത്രമായി തീരാതെ,
കീർത്തിച്ചീടുമാറാകണമീശ്വര-
നാമജാലങ്ങൾ നിത്യവും ഗോവിന്ദ! 13

കർമ്മബാക്കിയാലൂഴിയിൽവീണ്ടുമീ-
ജന്മമേന്തിമടുത്തുപോയിന്നിയും
കർമ്മബാക്കിഭവിക്കാതിരിക്കുവാൻ
ജന്മനാശനംചിന്തിക്ക ,ഗോവിന്ദ! 14

കാലസാഗരവീചിയിൽ നാമൊരു
ലോലപോതമായ് ചുറ്റിത്തിരിയാതെ
കാലകാലനാംമീശപദാംബുജാം
ലക്ഷ്യമാകണമെപ്പൊഴും, ഗോവിന്ദ ! 15

കിട്ടീടുന്നതു സ്വീകരിച്ചീടണം
നഷ്ടമായതു ചിന്തിച്ചുമാഴ്കൊലാ
പുഷ്ടമോദേന വാഴണമെപ്പൊഴും
തുഷ്ടിതാൻ മോക്ഷകാരണം ,ഗോവിന്ദ ! 16

കീർത്തിമോഹിച്ചു ചെയ്യരുതൊന്നുമെ,
കീർത്തിതാനെ വരുമെങ്കിൽ കൊള്ളണം
കർമ്മലാഭേച്ഛകൂടാതെ ചെയ്യണം
കർമ്മമൊന്നും മുടങ്ങാതെ ഗോവിന്ദ! 17

കുട്മളം വിരിഞ്ഞാകിലോ സൂനമാം
നല്ലഗന്ധവുമാഭയും തൂവിടും
പാകാമാകുന്ന കർമ്മങ്ങൾ മാത്രമേ
കർമ്മപുഷ്ടി വരുത്തിടൂ ഗോവിന്ദാ ! 18

കൂത്തരങ്ങുപോലാണിന്നു ജിവിതം
സത്യാ ധർമ്മാദി നാമാവശേഷമായ്,
ചീർത്തഭോഗാഭിലാഷശതത്തിനാൽ
ധൂർത്തടിപ്പൂ സമസ്തവും ഗോവിന്ദാ! 19

കെട്ടജിവിത രീതിയാലിന്നഹോ
വിത്തമാർജ്ജിച്ചു നിർമ്മിപ്പൂ ഹർമ്മ്യങ്ങൾ
പൊട്ടിത്താഴെപ്പതിക്കുമെന്നോർക്കണം
പട്ടുപോകുമീദേഹവും ഗോവിന്ദ! 20

കേവലമൊരു മാത്രതൻസൗഖ്യത്തി-
നാവതൊക്കയും ചെയ്യുന്നു മാനുഷർ
കേവലപദപത്മം നിനയ്ക്കുവാ-
നത്രപോലുമില്ലാഗ്രഹം ഗോവിന്ദ ! 21

കൈവല്യം ശിവ; നേടുവാനീ നര-
ജന്മമാണു ധരിക്കണമുത്തമം,
മാടിനും സുഖഭോഗങ്ങൾ സാധ്യമാ-
ണെന്നു ചിന്തിച്ചു വാഴണം, ഗോവിന്ദ ! 22

കൊട്ടിപ്പാടുകിലാടിടും പന്നഗം
കൊട്ടു നിർത്തുകിലേറിക്കടിച്ചിടും;
കാത്തുപോറ്റിടും വാച്ചകളന്ത്യത്തി-
ലാത്മശാന്തി തകർത്തിടും, ഗോവിന്ദ ! 23

കോലമോരോന്നു സ്വീകരിച്ചെത്രയോ
കാലമാശു കളഞ്ഞു വിഫലമായ്
കോലമിന്നിമേലാകാതിരിക്കുവാൻ
ബാലഗോപാലം ചിന്തിക്ക ഗോവിന്ദ ! 24

കൗസ്തുഭം വനമാലയും, പീലിയും
നിസ്തുലതര പീതവസനവും
കാലിമേയ്ക്കുന്ന കോലും ധരിക്കുന്ന
ബാലഗോപാലം ചിന്തിക്ക ഗോവിന്ദ! 25

കംസവൈരിയാം കേശവൻ തൻ പദം
ക്ലേശനാശനം ചിന്തിക്ക സന്തതം
ക്ലേശജാലമകന്നു സമസ്തവും
ധന്യമായിടും ജീവിതം ഗോവിന്ദ ! 26

കണ്ടു കൊള്ളണം ചിന്തയിലെപ്പൊഴും
കൊണ്ടൽ വർണ്ണനാമീശന്റെ പൂമേനി,
ഇണ്ടലൊക്കയും തീർന്നു പരം പദം
ചേരുവിനതു മാർഗമാം , ഗോവിന്ദ ! 27

ഖഞ്ജനം നിജപുച്ഛാഗ്രബദ്ധമീ-
മന്നിതെന്നു നിനച്ചു മദിക്കുന്നു.
മന്ദബുദ്ധികളേവരുംമാവിധം
ദർപ്പമോടെ വസിക്കുന്നു, ഗോവിന്ദ ! 28

ഖിന്നരായി വസിക്കരുതല്പവും
തന്നിടുന്നു സകലതുമീശ്വരൻ
ഒന്നുമില്ലാ നമുക്കിഹ! നേടുവാൻ
ഖിന്നഭാവ വിചാരത്താൽ,ഗോവിന്ദ ! 29

ഖാദ്യപേയങ്ങളേറെ ബ്ഭുജിക്കിലും
ക്ഷുത്തടക്കുവാൻ പിന്നെയുമാഗ്രഹം
ഭോഗവാഞ്ഛ ശമിക്കില്ലൊരിക്കലും
ഭോഗിതല്പനേ ചിന്തിക്ക ഗോവിന്ദ ! 30

ഖുരമടിച്ചു കിളർന്നിടും ധൂളിയാ-
ലരുണബിംബം മറയ്ക്കുവാൻ സാധ്യമോ?
ഉൽക്കടാഗ്രഹശാന്തിവരുത്തുവാൻ
സാധ്യമല്ലെന്നു തേറണം, ഗോവിന്ദ ! 31

ഖേചരങ്ങളും തൃപ്തരായ് വാഴവേ
ഭൂചരൻ നരനെത്രയോ ദുഖിതൻ!
ചിത്തശുദ്ധിവരുത്തി വസിക്കിലോ
നിത്യതൃപ്തരായ് വാണിടാം ഗോവിന്ദ! 32

ഗർദ്ദഭം മുതുകേറ്റിനടന്നിടും
വസ്ത്രമേതുമുടുപ്പാൻ കൊതിച്ചിടാ
മൂഢനുനിജ ജന്മഗുണമെല്ലാം
പാഴിലായി നശിക്കുന്നു, ഗോവിന്ദ! 33

ഗാന്തുനാമല്പമാത്രമീയൂഴിയിൽ
വിശ്രമിക്കാൻ വന്നവരെങ്കിലും
വിശ്രമം ബത! തന്നതില്ലല്പവും
ഗാർഹ്യമോഹവിചാരങ്ങൾ,ഗോവിന്ദ ! 34

ഗുപ്തമായിട്ടുംമാഗ്രഹ,മോർക്കണം
ദുഷ്ടുപോകാതുണങ്ങും വ്രണ സമം
ആഗ്രഹങ്ങളൊളിക്കാതൊടുക്കണ-
മീശഭക്തിയാമൗഷധാൽ,ഗോവിന്ദ! 35

ഗിരമിദം മന:ശ്ശുദ്ധി വരുത്തുവാൻ
ശരണമാകണമീശപദാംബുജം
ഗിരിധരാ ! വിഭോ! നല്ലതു മാത്രമേ
രസനതന്നിലുദിക്കാവൂ ,ഗോവിന്ദ! 36

ഗീർണ്ണ ഭോജ്യമജീർണ്ണം വരുത്തിടും
ചർവ്വിതം ബഹുസൗഖ്യദമായിടും
കർമ്മമോരോന്നും വേണ്ടപോൽ ചെയ്യണം
കർമ്മപുഷ്ടി ഭവിക്കുവാൻ, ഗോവിന്ദ! 37

ഗുല്മിതൻ രസം പോലെ താൻ ഭക്തിയും
കയ്ക്കുമാദ്യം ,മധുരിക്കുമന്തിമേ,
പാദമൊട്ടുമിടറാതെ മുന്നോട്ടു
ധീരചിത്തനായ് പോകണം, ഗോവിന്ദ! 38

ഗൂഢമോരോന്നനുഷ്ഠിച്ചു ദുഷ്കർമ്മ-
മൂഢമോദം നടക്കുന്നു മാനുഷർ,
ഗൂഢസ്ഥൻ പരനാകയാലൊന്നുമേ
ഗൂഢമല്ലെന്നു തേറണം,ഗോവിന്ദ! 39

ഗേഹ,ഗേഹിനി,പുത്രാദിയൊക്കയും
ദേഹസംബന്ധമാത്രമാണെങ്കിലും
മായയൊന്നിനാൽ ബദ്ധരായ് മാനുഷർ,
മോഹകൂപേപതിക്കുന്നു,ഗോവിന്ദ! 40

ഗോളകോപമ മിന്നുനാമീ 'ഗ്രഹ'
പീഡയേറ്റു നിലയ്ക്കാതുരുളുന്നു,
ശിന്തിനൽകുവാനീശപദാംബുജം
ചിന്തിച്ചീടണം സന്തതം ഗോവിന്ദ! 41

ഗൗരി,ഗൗരമിവരണ്ടുമാർജ്ജിച്ചു
ഗൗരവം ഹാ! നടിക്കുന്നു മാനുഷർ
ഗൗരീകാന്തനെ തെല്ലുംനിനക്കാതെ

ഗൗരവം ബത!,നിഷ്ഫലം, ഗോവിന്ദ! 42

ഗ്രസ്തരാണ നാം കാലമാം പാമ്പിനാ-
ലെന്നറിഞ്ഞു വസിക്കണം നിത്യവും
കാലകാലനാമീശനെചിന്തിക്കിൽ
കാലപാശവുമറ്റുപോം ,ഗോവിന്ദ! 43

ഘസ്രമൂഴിനിവാസം മരണമോ
രാത്രിയാകയാൽപുണ്യഗ്ഗൗരശ്മിയാൽ
ധന്യമാക്കണം മൃത്യു തൻപാത നാം
ധർമ്മകർമ്മനിരതരായ് ഗോവിന്ദ! 44

ഘാസമെന്നിയെ ഹാ! മൃഗപോതവും
തിന്നുകില്ലഹോ കണ്ടകവല്ലികൾ,
സത് ഗുണങ്ങളെസ്വീകരിച്ചത്ര നാം
ദുർഗുണങ്ങൾ ത്യജിക്കണം,ഗോവിന്ദ! 45

ഘൂകനുച്ചത്തിൽ മൂളിടും രാത്രിയിൽ
കോകിലംനറുഗാനമുതിർത്തിടും!
കാതിനിമ്പമണച്ചിടും കോകില-
ഗാനമാണഹോ! സൗഖ്യദം ഗോവിന്ദ! 46

ഘോണി,മൂലമശിക്കുവാനാർത്തിയാ-
ലത്തലെന്നിയെ സസ്യം തകർക്കുന്നു,
മുക്തിനേടണമെങ്കിലോനിർഭയം
ജന്മവൃക്ഷം തകർക്കണം,ഗോവിന്ദ! 47

ചക്രംവെച്ചു ചവിട്ടിത്താൻപാടത്തു
വെള്ളമേറ്റിയിറക്കുന്നു കർഷകർ,
ജിവിതകൃഷിഭൂമിയിൽ ഭക്തിയാം
ചക്രംവച്ചു ചവിട്ടണം, ഗോവിന്ദ! 48

ചാരം മൂടികിടക്കിലും തീക്കനൽ
തൊട്ടുപോകുകിലംഗുലി വെന്തുപോം

ബാഹ്യവേഷവിധാനത്താലാരെയും
വിശ്വസിക്കരുതോർക്കണം,ഗോവിന്ദ! 49

ചില്ലുപോലകം ശുദ്ധമായീടണം
ചിന്തയേപ്പൊഴും നല്ലതായീടണം
ചിത്തജന്മാവെ ദൂരത്തു നിർത്തണം
ചിത്തമീശ്വരഗേഹമാം,ഗോവിന്ദ! 50

ചീഞ്ഞഭൗതികവാദംമുഴക്കയാൽ
ഗാത്രം "ഞാനെന്നു"ഘോഷിപ്പൂ സർവ്വരും
ഉള്ളിൽവാണിടുമീശ്വരസത്തയെ-
തള്ളിയെന്നും പറയുന്നു, ഗോവിന്ദ! 51

ചുഞ്ചു മച്ചിലിരിക്കും പകലെല്ലാം
രാത്രിയാകിലിരതേടിപ്പോയിട്ടും
തക്കവേളയിലാശയാംമൂഷികൻ
ചിത്തശാന്തികരണ്ടിടും,ഗോവിന്ദ! 52

ചൂചുകം ഹാ! കറുത്തതാണെങ്കിലും
സ്തന്യമേറ്റം ധവളം മനോഹരം,
ഭക്തിസാധന ക്ലേശദമെങ്കിലും
മുക്തിയത്യന്ത സുന്ദരം,ഗോവിന്ദ! 53

ചെല്ലരുതു വിപത്തിൻ സമീപത്തു
വന്നു കേറുകിൽ നിർഭയം വാഴണം
താനറിയാതെ വന്നിടുമാപത്തു
താനേ നീക്കിടുമീശ്വരൻ,ഗോവിന്ദ! 54

ചേറിൽ വാഴും വരാഹത്തിനൊപ്പമായ്
ഭോഗക്കദുമക്കുണ്ടിലായ് വാഴൊലാ.
ഭക്തിവാരിയാൽക്ഷാളനം ചെയ്തുനാം
പാപജാലം കളയണം, ഗോവിന്ദ! 55

ചൈത്രിതന്നൊളിപോലെനിൻമാനസം
പൂതമാകണം സാത്വിക ചിന്തയാൽ,
മോഹമാമിരുട്ടോടിയൊളിക്കണം
ദേഹചിന്ത വെടിയണം,ഗോവിന്ദ! 56

ചൊല്ലുകർമ്മത്തിനാധാരമാകയാൽ
ചൊല്ലുനല്ലതേ നാവിലൂദിക്കാവൂ ,
നല്ലകർമ്മമേസത്ഫലം നൽകിടൂ,
നന്മയൊന്നു താൻ ശാശ്വതം ഗോവിന്ദ! 57

ചോരനൊപ്പമണഞ്ഞിടും ഹൃത്തിലാ-
ദുർവിചാരങ്ങളേതു സമയത്തും,
ഭക്തിദീപപ്രശോഭിതമാകിലോ
ഹൃത്തടം പരിരക്ഷിതം, ഗോവിന്ദ! 58

ഛത്രിരക്ഷിതനേതുവെയിലിലും-
മെത്രഘോരമാം മാരി ചൊരികിലും,
ആപത് ജ്ജാലമകലണമെങ്കിലോ
ഭക്തിയാം കുടയേന്തണം, ഗോവിന്ദ! 59

ജന്മമിന്നിമേലേകാതിരിക്കുവാൻ
കർമ്മമൊക്കയും ചെയ്തുമുടിക്കണം,
കർമ്മമൊക്കയും ഈശനിലർപ്പിച്ചു
ചെയ്യുമെങ്കിലോ, മുക്തനാം ഗോവിന്ദ! 60

ജാരതുല്യമണയുകയാണഹോ!
ചാരുഭോഗാഭിലാഷമതിഗൂഢം,
ജാഗരൂകനായി വാഴണമെപ്പൊഴു-
മാത്മദീപം കൊളുത്തി നാം ഗോവിന്ദ! 61

ജിഷ്ണുവാണു നീ,തോല്ക്കരുതാരൊടും
വെറ്റിസത്യ,മസത്യമാം തോൽവിയും;
സത്യ ധർമ്മമാം തേരുകൾകൊണ്ടു താൻ
ജീവിതരഥമോടുന്നു, ഗോവിന്ദ! 62

ജിവിതമൊരു യജ്ഞമാണയതിൽ
കർമമാഹൂതി, വാക്കുകൾ, മന്ത്രമാം,
കർമ്മ,വാങ്ങ,മനശ്ശുദ്ധി വരുത്തണം
യജ്ഞമെത്രയും ധന്യമായി ഗോവിന്ദ! 63

ജ്ഞഷ്ടൗഷധം പഥ്യവില്ലാകിലോ
രോഗശാന്തിവരുത്താ,ധരിക്കണം,
ഭക്തിയില്ലാതെ ചെയ്യുന്നപൂജയും
മുക്തിദായകാമാവില്ല,ഗോവിന്ദ! 64

ജ്ജടാധാരിയായി,ശ്മശ്രുസംയുക്തനായി
കാട്ടുവാഴണോ യോഗിയെന്നോതുവാൻ!
ഹൃത്തടം പരിശുദ്ധമായ്, ഭക്തനായ്
നാട്ടുവാഴ്കിലും യോഗിയാം ഗോവിന്ദ! 65

തന്തുകം ചെറുതെങ്കിലുംമഗ്നിയി-
ലിട്ടുപോകുകിൽ പൊട്ടിത്തെറിച്ചിടും,
പാപകർമ്മം ചെറുതെന്നിരിക്കിലും
പുണ്യഹാനിവരുത്തിടും ഗോവിന്ദ! 66

താന്തമായിടാമീത്തനു ജിവിത-
ഭാരമേറ്റേം വഹിച്ചതുകാരണം
ചിത്തശാന്തി വെടിയാതിരിക്കണം
ധന്യമെങ്കിലോ ജിവിതം, ഗോവിന്ദ! 67

തിട്ട,മൂഴിയിലേതൊരു നാളിലും
മൃത്യുവന്നിടുമെന്നു ധരിക്കണം,
തിട്ടതിക്ക നിദാനമീ മാനുഷ-
ദേഹമെന്നോർക്കണം, ഗോവിന്ദ! 68

തീനിതെന്നു നിനച്ചു ശലഭങ്ങൾ
തീയിൽ വീണുനശിക്കുന്നു മോഹത്താൽ
ഭോഗജാലക്കനലിൽ നിപതിച്ചു
ഹാ! നശിപ്പു സമസ്തരും,ഗോവിന്ദ! 69

തുന്ദമൊന്നു പുലർത്തുവാൻ മാത്രമ-
ല്ലത്ര ജിവിതമെന്നു കരുതണം
ആത്മമുക്തിയാണന്തിമ ലക്ഷ്യമെ-
ന്നോർത്തുചെയ്യണംകർമ്മങ്ങൾ,ഗോവിന്ദ! 70

തുമരന്ദമീജിവിതസൂനമുൾ-
കൊള്ളുമാത്മീയസംതൃപ്തിനിർമ്മലം
ആമധുനുകർന്നാനന്ദമാണ്ടു നീ
ജന്മമുക്തിവരുത്തണം,ഗോവിന്ദ! 71

തൃഷ്ണജിവിതഭദ്രതതച്ചുട-
ച്ചാർക്കുമാപത്തു ചേർക്കും ധരിക്കണം,
ഭക്തിയാൽ മന:ശാന്തി വരുത്തി നാം
തൃഷ്ണമാറ്റി വസിക്കണം,ഗോവിന്ദ! 72

തെന്നലേറ്റം സുഖദമാണെങ്കിലും
ചണ്ഡവാതകമാപത്തു ചേർത്തിടും
ആഗ്രഹങ്ങൾ പരിമിതമാകിലോ
ജിവിതമെത്ര സുന്ദരം,ഗോവിന്ദ! 73

തേടിപ്പോകരുതാഗ്രഹശാന്തിക്കു
മാടുപോലെ മരീചിക കണ്ടു നാം
കൈവരുന്നതാൽ തൃപ്തരായീടണം
മുക്തിയെന്നതോ തൃപ്തിതാൻ,ഗോവിന്ദ! 74

തൈലമൊട്ടു പുരട്ടുകിൽ കേശവും
ഹാ! മിനുങ്ങി മനോഹരമായിടും,
ഭക്തിയാകിന തൈലം പുരട്ടി നാം
ചിത്തദുഷ്ടു കളയണം, ഗോവിന്ദ! 75

തൊണ്ടിനുള്ളിൽ ചകിരിച്ചിരട്ടയും
തേങ്ങയും നറും വെള്ളവുമെന്നപോൽ
ബാഹ്യഭാവം പരുഷമാണെങ്കിലു-

മുള്ളിലാർദ്രത കാണണം , ഗോവിന്ദ! 76

തോയജം,ജലമൊപ്പമുയർന്നിടും
താണുപോകുകിൽ താണുകിടന്നിടും,
വിത്തമൂഴിയിലേറിടാം, പോയിടാം
ചിത്തശുദ്ധിപ്രധാനമാം, ഗോവിന്ദ! 77

ത്യാജ്യമായവയേറെയുണ്ടൂഴിയിൽ
ഭോജ്യയോഗ്യമായിക്കാണും വകകളിൽ,
മോക്ഷമാർഗ്ഗ തടസ്സംതരുന്നവ
ത്യാജ്യമെന്നും ധരിക്കണം, ഗോവിന്ദ! 78

ദന്തപംക്തിയാൽചർവ്വണംചെയ്തുതാ-
നുള്ളിലാക്കുന്ന ഖാദ്യങ്ങളോരോന്നും,
ചിന്തകൊണ്ടു മഥിച്ചു താനോതണ-
മാശയങ്ങൾ മനോഹരം, ഗോവിന്ദ! 79

ദാരുണം നരജീവിതമിന്നുവൻ-
രാക്ഷ്ടശക്തികൾ തമ്മിലുള്ളീർഷ്യാൽ
ഈശചിന്തയതൊന്നു താൻ പോരുമീ-
ലോകതാപമകറ്റുവാൻ, ഗോവിന്ദ! 80

ദിക്കുതോറും പ്രകാശം പരത്തുവാ-
നർക്കനൊന്നുതാനത്രതെളിയുന്നു,
ആത്മബോധമതൊന്നു താൻ പോരുമീ
ലോകതാപമകറ്റുവാൻ, ഗോവിന്ദ! 81

ദീപമേന്തണം രാത്രിയിൽ നേർവഴി
കണ്ടുപോകുവ,നാപത്തകറ്റുവാൻ,
മോഹമാമിരുട്ടേറുമീലോകത്തി-
ലാത്മബോധം വളർത്തണം,ഗോവിന്ദ! 82

ദുർവഹം ദുര കാരണമൂഴിയി-
ലാർക്കുമില്ലൊരു ശാന്തിയും തൃപ്തിയും

ശപ്തമീദൂര കൈവെടിഞ്ഞീടുകിൽ
ശാന്തി,തൃപ്തികൾ കൈവരും ഗോവിന്ദ! 83

ദൃഷ്യമന്യോന്യമോതിഞ്ഞെളിയുവാൻ
ഭാഷ്യമോരോന്നു തേടുന്നിതേവരും
ദൃഷ്യമൂഴിയിൽ നിന്നുമകലുവാ-
നാത്മഭാഷ്യം താൻതേടണം,ഗോവിന്ദ! 84

ദേഹമേറ്റം പവിത്രമായുള്ളൊരു
കോവിലെന്നു ധരിച്ചുമരുവണം
ഭോഗകന്മഷം കൊണ്ടതിൻ ശുദ്ധി നാം
നഷ്ടമാക്കാതിരിക്കണം,ഗോവിന്ദ! 85

ദോഷമോതരുതാരുടേതാകിലും
ദോഷമറ്റവരുഴിയിൽ ദുർല്ലഭം
ദോഷജാലമകലുവാൻ ഭക്തിയാം
ഭേഷജം പരമുത്തമം ,ഗോവിന്ദ! 86

ദൗഹൃദങ്ങൾ ചുരുക്കണ,മാഗ്രഹ-
മേറിപ്പോകുകിലാപത്തുവന്നിടും,
സാധ്യമല്ലാത്ത വസ്തുവിലാഗ്രഹം
ചിത്തശാന്തി തകർത്തിടും, ഗോവിന്ദ! 87

ദ്യോതനം ഹാ! പുകപിടിച്ചീടുകി-
ലുള്ളിലുള്ള പ്രകാശം പൊലിഞ്ഞുപോം
കന്മഷക്കറയേറുകിൽ മാനസ-
മാത്മബോധം കെടുത്തിടും,ഗോവിന്ദ! 88

ദ്രവ്യമൂഴിയിൽ വേണ്ടതാണെങ്കിലും
സത്യധർമ്മം വെടിയാതെ നേടണം
നേർവഴിക്കു ലഭിച്ചീടും വിത്തമേ
ചിത്തസൗഖ്യമണച്ചിടൂ, ഗോവിന്ദ! 89

ദ്വാരമൊൻപതുചേരുമീ ദേഹമാം

ഗേഹമെപ്പൊഴും ഭദ്രമായീടണം
ഈശചിന്തയാൽ കാത്തുകൊണ്ടീടണം
ഭാവുകം സദാ കൈവരും,ഗോവിന്ദ! 90

ധന്യമാകണം ജിവിതമെങ്കിലോ
ധർമ്മമെന്തെന്നറിഞ്ഞു നടക്കണം,
ധർമ്മലോപം ഭവിക്കാതെ നിത്യവും
കർമ്മമോരോന്നും ചെയ്യണം,ഗോവിന്ദ! 91

ധാർഷ്ട്യം ആപത്തു താനേ വരുത്തിടും
താഴ്മയഭ്യുന്നതിക്കുനിദാനമാം
ത്യാഗമെന്നതു നേട്ടമായീടണ-
മാടലെന്നിയെ വാഴുവാൻ,ഗോവിന്ദ! 92

ധിക്കരിക്കരിക്കരുതാരെയും,മേവരും
പൂജനീയരാണന്നു കരുതണം
മർത്യപുജയാലീശ്വരപൂജയും
സാധ്യമെന്നു ധരിക്കണം, ഗോവിന്ദ! 93

ധീ,നമുക്കു ലഭിച്ചു പരദ്രോഹം
ചെയ്യുവാൻ,ല്ലറിയുവാനീശനെ
ബുദ്ധിയാലറിഞ്ഞീശനെ,മാനസം
ശുദ്ധമാക്കി വസിക്കണം, ഗോവിന്ദ! 94

ധൂളി,തീർത്ഥവും പങ്കിലമാക്കിടും
ധൂളി ജിവിതം താറുമാറാക്കിടും
ധൂളിസംഗം ഒഴിഞ്ഞഹോ വാഴണം
കാളകൂടമെന്നോർക്കണം ഗോവിന്ദ! 95

ധേനു തന്നുടെ രക്തമാം ദുഗ്ധവു-
മന്യനേകുന്നു നന്മ വരുത്തുവാൻ,
ധന്യമാകുവാനീ നര ജീവിതം
നന്മ ചെയ്യണമന്യോന്യം, ഗോവിന്ദ! 96

ധ്യാനമെന്നതു മാനസം തൻ തൊഴിൽ
ധ്യാനമെപ്പൊഴുമീശനിലാകണം,
ചിത്തമെങ്കിലോ സ്വസ്ഥമായി തീർന്നിടും
മുക്തിയും ബത! കൈവരും ഗോവിന്ദ! 97

ധ്വാന്തമൂഴിയിൽ നിന്നുമകലുവാൻ
ശാന്തി ദീപപ്രകാശം പരക്കണം,
ശാന്തിലഭ്യമായി, തുഷ്ടരായി വാഴുവാൻ
മോഹജാലമകലണം ഗോവിന്ദ! 98

നല്ലതേ സദാതോന്നാവൂ ചിത്തത്തിൽ
നല്ലവാക്കെയുരക്കാവൂ നാവിനാൽ
നല്ലകർമ്മമേ ചെയ്യാവൂ നിത്യവും
നല്ലതൊക്കയും കൈവരും, ഗോവിന്ദ! 99

നാളെയെന്തുഭവിക്കുമെന്നോർത്തുനാം
നീറ്റുന്നെന്തിനു നമ്മുടെ മാനസം,
കർമ്മലോപം ഭവിക്കാതിരിക്കുകിൽ
ശർമ്മമാർന്നു വസിച്ചിടാം, ഗോവിന്ദ! 100

നിത്യമീനരദേഹമെന്നോർക്കയാ-
ലത്തലേറ്റം കലരുന്നു മാനുഷർ,
മിഥ്യയായതു കണ്ടു ഭ്രമിക്കുന്നു
സത്യമായതു കാണാതെ,ഗോവിന്ദ! 101

നീരധിയിൽ പതിക്കുന്നരുവികൾ
ദൂരമാർഗ്ഗതടസ്സം ഗണിക്കാതെ,
ക്ലേശമെത്രമേൽവന്നു ഭവിക്കിലു-
മീശചിന്ത വെടിയൊലാ, ഗോവിന്ദ! 102

നൂതനാഗ്രഹമോരോന്നുദിച്ചിടും
ചേതനയ്ക്കുപരിഭ്രമമേകുവാൻ,
തത്വസാരമറിഞ്ഞു വസിക്കണം
പക്വബുദ്ധിയായി സർവദാ , ഗോവിന്ദ! 103

നെറ്റിപ്പട്ടം ധരിച്ചു ഗജരാജ-
നീശബിംബമെടുത്തു നടന്നിടും,
ദുഷ്ടനും ചിലവേളയി,ലത്ഭുതം
ശിഷ്ടനൊപ്പം പെരുമാറും, ഗോവിന്ദ! 104

നേശനുഴിയിലേതൊരു മർത്യനു-
മീശനെന്നു ധരിച്ചു വസിക്കണം,
കേട്ടുപറ്റകിൽ മറ്റുള്ള കൂട്ടുകാ-
രോടിദൂരമകന്നു പോം, ഗോവിന്ദ! 105

നോക്കിവാഴുകിലൂഴിയിലുള്ളതി-
ലൊക്കയീശ്വര സത്തതാൻ കണ്ടിടാം,
ആത്മരൂപിയായ് ജീവിയിലൊക്കയും
വാഴ്വതീശ്വരനേകനാം, ഗോവിന്ദ! 106

നൊന്തുമാനസമീശനെ നിത്യവും
ചിന്തചെയ്തുവസിക്കുക ധന്യമാം
ആപത് ജ്ജാലമകലുവാനായതു
കാവലായിടുമോർക്കണം, ഗോവിന്ദ! 107

നൈമിഷികമാം ഭോഗാഭിലാഷത്താ-
ലാത്മശാന്തി നശിക്കാതിരിക്കുവാൻ
ഈശചിന്തയെ കാവലിനാക്കണം
ഭാസുരം ബത! ജീവിതം ഗോവിന്ദ! 108

നൗകയാകണം ദേഹമീജിവിത-
സാഗരത്തിൽ മറുകരയെത്തുവാൻ
കർമ്മമാം തുഴ കോണ്ടു തുഴയണം
ലക്ഷ്യമെത്തുവാൻ സാധ്യമാം, ഗോവിന്ദ! 109

പട്ടിണിക്കുവശഗനായിടീലും
പെട്ടുപോകലാ ദുഷ്കർമ്മഗർത്തത്തിൽ;
കാലക്കേടാൽ ഭവിച്ചിടുമാമയം

കാലരൂപിതാൻ നീക്കണം,ഗോവിന്ദ! 110

പാർക്കിലീ തന്ത പോറ്റവാനെത്രയോ
പോർക്കളങ്ങൾ വിരചിച്ചു മാനുഷർ,
പ്രശ്നമോരോന്നു മാറിയുരക്കിലും
പ്രശ്നമോക്കയുമൊന്നു താൻ,ഗോവിന്ദ! 111

പിച്ചതേടി നടക്കുന്നമർത്യനു-
മിഛപാരിൽ വാസിക്കുവാൻ സൗഖ്യമായി,
മോഹമൊന്നു താനൂഴിയിലേവനും
മാർഗ്ഗമത്ര വിഭിന്നമാം ,ഗോവിന്ദ! 112

പീഡയന്യനണയ്ക്കാതെ വാഴുവാ-
നാഗ്രഹിക്കണമേവരുമൊന്നു പോൽ
ലോകജീവിതം സൗഖ്യദമാകുവ-
നേകമർഗ്ഗമാണായതു,ഗോവിന്ദ! 113

പുത്തനോരോന്നുരയ്ക്കുകയാണിന്നു
തത്വസംഹതി മർത്യൻ ദിനം പ്രതി,
ശാന്തിലോകത്തിനേകുവാനെങ്കിലും
ശാന്തിയെന്നും വിദൂരമാം ഗോവിന്ദ! 114

പൂർണ്ണിമയ്ക്കു കൊതിക്കയാണിന്നഹോ!
പൂർണ്ണതയെ പുണരാത്ത മസ്തിഷ്കം
പൂർണ്ണനീശ്വരനെന്നു ധരിക്കണം
പൂർണ്ണമാകുവാൻ ജിവിതം ,ഗോവിന്ദ! 115

പെട്ടെന്നങ്ങൊരു നല്ല പുലരിയിൽ
കിട്ടുമെന്നു ധരിക്കേണ്ട ശാന്തി ഹാ!
മാരകായുധജാലങ്ങളൊക്കയും
ദൂരത്താക്കുകിൽ സാധ്യമാം ,ഗോവിന്ദ! 116

പേടകങ്ങൾ പറത്തിയിന്നേതൊരു
വിശ്വസത്യം ഗ്രഹിക്കാനൊരുങ്ങുന്നു,
വിശമീവിധം സൃഷ്ടിച്ചു വാഴുമാ-
ശക്തിതന്നെയറിയണം,ഗോവിന്ദ! 117

പൈത്യമിന്നു നിറഞ്ഞൂഴിയിൽ
ഭോഗവിത്താഭിലാഷമാം വിഭ്രമം!
പൈത്യമീശ്വര ചിന്തയിലാകണം
പൈത്യമൊക്കയുമ മാറുവാൻ,ഗോവിന്ദ! 118

പൊത്തിലിരിക്കുമാപന്നഗം
ക്ഷുത്തടക്കാനിറങ്ങിടും വേളയിൽ
ചേർക്കുമാപത്തു, ദുഷ്ടനുമാത്രതാൻ
പോരുമന്യനെ ദ്രോഹിക്കപ്പാൻ,ഗോവിന്ദ! 119

പോറ്റുവാനൊരു ദേഹമീമാനുഷ-
നേതുഘോരമാം കർമ്മവും ചെയ്തിടും,
മുക്തി ദൂരെയാണെന്നു നിനയ്ക്കാതെ
പാപകർമ്മം വിചിത്രമാം,ഗോവിന്ദ! 120

ബംഭരം മധുവുണ്ണുവാനാശയാ-
ലേതുസൂനവും തേടിനടക്കുന്നു,
മൂഢബുദ്ധികളേവരുമാവിധം
ഭോഗവാച്ഛയാലോടുന്നു, ഗോവിന്ദ! 121

ബാഹ്യമോടിയിലിന്നുസകലരു-
മൂഢമോദം ഭ്രമിച്ചുവലയുന്നു,
ആന്തരീകമാം ശുദ്ധിയിലാഗ്രഹ-
മാർക്കുമില്ലുണ്ടെങ്കിലും,ഗോവിന്ദ! 122

ബിന്ദുവൊന്നിച്ചു ചേർന്നു ജിതശ്രമ-
മബ്ധിയൊന്നു ചമച്ചതിൽ വാഴുന്നു,
ധർമ്മ കർമ്മങ്ങളോരോന്നൊരുമിച്ചു
നിത്യ നിർവൃതി നൽകുന്നു,ഗോവിന്ദ! 123

ബീജമില്ലെങ്കിൽ വൃക്ഷമുണ്ടായിടാ

വൃക്ഷമില്ലെങ്കിൽ ബീജവും നാസ്തിയാം,
ദേഹദേഹിതൻ ബന്ധവുമീവിധം
കർമ്മമാണവയ്കാശ്രയം,ഗോവിന്ദ! 124

ബുദ്ബുദോപമം ജിവിതമെങ്കിലും
ബിദ്ധിമാനതു സർവാർത്ഥ ദായകം
ആത്മവിദ്യ ധരിച്ചു പരം പദം
ചേരുവാനവൻ യത്നിപ്പൂ,ഗോവിന്ദ! 125

ബോധിസത്വനും, കൃഷ്ണനും,കൃസ്തുവും
ഗാന്ധിയും നിബിതാന്തം കടന്നു പോയ്-
ആത്മവിദ്യയുരച്ചവരെങ്കിലും
ഭ്രാന്തമിന്നുമീപ്പാരിടം,ഗോവിന്ദ! 126

ബ്രഹ്മമെന്തെന്നറിയാത്ത മർത്ത്യനു
കർമ്മശുദ്ധിഭവിക്കില്ലൊരിക്കലും,
കർമ്മശുദ്ധിഭവിക്കാതിരിക്കിലോ
ജന്മമുക്തിയും വന്നിടാ , ഗോവിന്ദ! 127

ഭക്തിസവ്വാർത്ഥ ദായകമൂഴിയിൽ
മുക്തിയും തരുമന്തിമവേളയിൽ-
ഭക്തിവാരിയിൽ നിത്യവും മജ്ജനം
ചെയ്ക,ധന്യമാം ജിവിതം,ഗോവിന്ദ! 128

ഭാരമേന്തിത്തളർന്നു വരികിലും
ക്ഷീരപാനം തളർച്ചയകറ്റിടും
ജിവിതച്ചുമടേന്തിത്തളരാതെ
ഭക്തിമോന്തിക്കുടിക്കണം,ഗോവിന്ദ! 129

ഭിക്ഷുവേഷം ധരിച്ചതുകൊണ്ടാർക്കും
ഭക്തിയുണ്ടെന്നു ചിന്തിച്ചു പോകൊലാ,
ഭുക്തി തേടുവാനിന്നു പലവിധം

വേഷമേന്തുന്ന മാനുഷർ, ഗോവിന്ദ! 130

ഭീരുവാകരുതുൽകടസങ്കട-
കാരണങ്ങൾ തുടരെ ബ്ഭവിക്കിലും
ഭക്തനെന്തിനുഭീരുവായീടണം
ഭീതിനാസ്തികലക്ഷണം,ഗോവിന്ദ! 131

ഭുക്തമാകിനഭോഗങ്ങൾഓരോന്നു-
മാഗ്രഹങ്ങളനുദിനമേറ്റിടും,
ഭക്തികൊണ്ടുനിബദ്ധനായീടുകി-
ലാഗ്രഹങ്ങളകന്നു പോം,ഗോവിന്ദ! 132

ഭൂരിദുഖദം മാനുഷജിവിത-
മെന്നുചൊല്ലുന്നറിവുള്ള മാനുഷർ,
ബുദ്ധി,ഭക്തിയാൽ ശുദ്ധമായ് തീരുകിൽ
ഭൂരിസൗഖ്യദം ജിവിതം,ഗോവിന്ദ! 133

ഭൃംഗമെന്തിനു തേടുന്നു പുഷ്പങ്ങ-
ളുണ്ണാൻ മധു,മറ്റില്ലൊരാഗ്രഹം!
മുക്തിയാം മധുവുണ്ണുവാൻ മാനസം
ഭക്തിസൂനം നുകരട്ടെ, ഗോവിന്ദ! 134

ഭേഷജങ്ങൾ ശരിക്കു കൊടുക്കുകിൽ
രോഗശാന്തി ഭവിച്ചിടും , നിർണ്ണയം
ഭക്തിഭേഷജം കൊണ്ടു നാം ജീവിത
ദു:ഖ ശാന്തി വരുത്തണം ഗോവിന്ദ! 135

മദ്യപാനലഹരിയാൽ സർവ്വവും
ധൂർത്തടിച്ചുകളയുന്ന മാനുഷാ ,
ഭക്തിമദ്യലഹരിയാൽ ജിവിതം
ധന്യമാക്കി വിജയിക്ക, ഗോവിന്ദ! 136

മായയജ്ഞാനമെന്നു ധരിക്കണം
മായപോകുവാൻ ജ്ഞാനമുദിക്കണം
ജ്ഞേയമീശ്വരസത്തയൊന്നാകയാ-

ലീശസത്തയറിയണം, ഗോവിന്ദ! 137

മിഥ്യയാണു ജഗത്തെന്നിരിക്കിലും
സത്യമാണതിന്നാധാരമോർക്കണം
സത്യമിന്നൊരുകോണിലൊളിക്കയാൽ
മിഥ്യയേറ്റം മദിക്കുന്നു, ഗോവിന്ദ! 138

മീനമപ്പിലേവാണിട്ടു, ദർദ്ദുരം
തോയമെന്നിയേ വാഴും കരയിലും
കർമ്മശുദ്ധികലരാത്ത ജിവിതം
സാധ്യമേതൊരു ദിക്കിലും,ഗോവിന്ദ! 139

മുത്തുവേണമെന്നാകിലോ സാഗരം
തന്നിലാഴത്തിൽ മുങ്ങിയെടുക്കണം
മുക്തി മുത്തു ലഭിക്കുവാൻ ഭക്തിയാം
സാഗരത്തിൽ മുഴുകണം, ഗോവിന്ദ! 140

മൃത്യുവെത്തിടാമേതൊരു നാളിലും
മർത്യനും മറ്റു ജീവികൾക്കൊക്കയും:
മാറ്റുവാനതുസാധ്യമല്ലാ,കയാൽ
ഭീതിവേണ്ടാ മരണത്തിൽ,ഗോവിന്ദ!]

മൂഷികൻ ഗ്രഹപൂക്കിരുന്നീടിലും
നോട്ടമാ കൃഷിഭ്രമി തന്നുള്ളിലാം
ഭക്തിയാം ഗ്രഹ തന്നിലിരുന്നു നാം
മുക്തിലക്ഷ്യമായ് വാഴണം, ഗോവിന്ദ! 141

മെയ്യനക്കം നിലയ്ക്കുമാവേളയിൽ
കയ്യിലൊന്നുമെടിത്തീടുവാൻ പറ്റിടാ,
ചെയ്തുവെച്ചതാം കർമ്മജാലങ്ങളോ
കയ്യറിയാതെ വന്നിടും ,ഗോവിന്ദ! 142

മേന്മയേറുമീ മാനുഷജിവിതം
മേനി തന്നിലൊതുക്കുകിൽ കഷ്ടമാം!
മേനിയേറ്റിടും ചൈതന്യമൊന്നതി-

ലാവസിപ്പതുകാണണം,ഗോവിന്ദ! 143

മൈത്രി മർത്യനും മർത്യനും തങ്ങളിൽ
സുസ്ഥിരതരമാകണമൂഴിയിൽ,
ഭാഷയും നിറഭേദവും മർത്യനെ
വേർതിരിപ്പതു കുത്സിതം,ഗോവിന്ദ! 144

മൊട്ടക്കുന്നിലൊരിക്കലും ജാഹ്നവി
ജന്മമേന്തുകയില്ലാ ധരിക്കണം
ധർമ്മ കർമ്മ വിശൂന്യമാം ജിവിതം
മൊട്ടക്കുന്നുപോൽ വന്ധ്യയാം,ഗോവിന്ദ! 145

മോഹജാലവും. മോഹിനീത്തയ്യലും-
മൊന്നുപോൽ മന:ശാന്തി തകർത്തിടും
ആശയാകുന്ന വാരണ വീരനെ
ഭക്തി കൊണ്ടുതളയ്ക്കണം,ഗോവിന്ദ! 146

യഷ്ടിയൂന്നി നടക്കുന്നളവിലും
കട്ടുതിന്നുവാൻ കള്ളനു വാഞ്ഛിതം,
ശീലക്കേടുകൾ മാറ്റുവാൻ പ്രായവും
കാലഭേദവുമാവില്ല,ഗോവിന്ദ! 147

യാനപാത്രം ശരിക്കു നടത്തുവാൻ
തക്കതായ തുഴയൊന്നെടുക്കണം
മർത്യജിവിത്തോണി നടത്തുവാൻ
ഭക്തിയാം തുഴേയന്തണം, ഗോവിന്ദ! 148

യുക്തമായതു സ്വീകരിച്ചീടണം
ത്യാജ്യമായതു ദൂരത്തകറ്റണം,
സത്യധർമ്മാദിയെപ്പോഴും കാക്കണം
വ്യർത്ഥമാകില്ല ജിവിതം ഗോവിന്ദ! 149

യൂഥം ചേർന്നു നടക്കുമൊരേമൃഗ-
വർഗ്ഗമാപത്തകന്നു വസിക്കുവാൻ,

ചേരണം തനിക്കൊത്തവരോടു നാം
ദൃഷ്ടവേഴ്ച വെടിയണം, ഗോവിന്ദ! 150

യോഷമാർകളിൽ വല്ലാത്തഭിലാഷം
ദോഷമാണതുനാശമണച്ചിടും
യോഷയൊന്നിനേ സ്വീകരിച്ചിടണം
ലോകയാത്ര സഹായാർത്ഥം, ഗോവിന്ദ! 151

രഥ്യതന്നിലലസനായ് പോകലാ
വന്നു ചേരന്നിടുമാപത്തതു മൂലം,
ജിവിതത്തിലലസനായ് തീരുകി-
ലാത്മശാന്തി നശിച്ചു പോം, ഗോവിന്ദ! 152

രാവിലർക്കൻ മായുന്നതു കണ്ടു
ക്ലമനേറ്റം തിമിർത്തു മദിക്കുന്നു,
സജ്ജനത്തിനു ചേർന്നിടും സങ്കടം
ദുർജ്ജനത്തിനു സൗഖ്യദം, ഗോവിന്ദ! 153

രുഷ്ടനായിപ്പറയരുതാരോടു-
മിഷ്ടലാഭമതുതെല്ലുമേകിടാ,
കോപമാത്മവിനാശകമാകയാൽ
കോപമേറ്റം ത്യജിക്കണം,ഗോവിന്ദ! 154

രൂപ്യമെത്രയും നേടുവാനാശയാ-
ലാചരിക്കൊലാ പാപ പ്രവൃത്തികൾ,
ധർമ്മഹാനി ഭവിക്കുമതുമൂലം
മുക്തിമാർഗ്ഗവും മൂടിപോം,ഗോവിന്ദ! 155

രോഹിതാശ്വനീലിത്തനുവെന്തുപോം
കർമ്മജാലമൊരിക്കലും വെന്തിടാ
പാപകർമ്മം വെടിയണമാകയാൽ
മുക്തിമാർഗ്ഗമടയാതെ,ഗോവിന്ദ! 156

ലക്ഷ്യമൊന്നു നിനച്ചുതാനാഖഗ-

വൃന്ദമെന്നും പറക്കുന്നിതംബരേ,
ലക്ഷ്യമെപ്പൊഴും മുക്തിതാനാകണം
ജീവപക്ഷിതൻ യാത്രയിൽ ഗോവിന്ദ! 157

ലാവയുള്ളിൽ വഹിച്ചിട്ടും പർവ്വത-
മേതുനാളിലും പൊട്ടിത്തെറിച്ചിടും
ദുഷ്ടചിന്തകലരുന്ന മാനസം
സ്പഷ്ടമാപത്തണച്ചിടും,ഗോവിന്ദ! 158

ലിപ്തമെങ്കിലുംമാനസ ഭൗതീക
മോഹബദ്ധമാമാഗ്രഹജാലത്താൽ
ഭക്തിവാരിയാൽ ക്ഷാളനം ചെയ്തു
ശുദ്ധമാക്കി വസിക്കണം,ഗോവിന്ദ! 159

ലീനമാകണം മാനസമീശ്വര
പാദപത്മ ഭജനത്തിൽ നിത്യവും
ലൂലകോപമമാത്മീയ ഭൗതീക
മിശ്രജീവിയായ് തീരാതെ,ഗോവിന്ദ! 160

ലുപ്തമാകണമാഗ്രഹജാലങ്ങൾ
ക്ലാന്തഭാവമകലണം ചിന്തയിൽ
ശുദ്ധമാകണം ചിന്തകളീശ്വര-
തത്വചിന്തയാൽ സന്തതം,ഗോവിന്ദ! 161

ലൂതമാവർഷവേളയിലുണ്ണുവാൻ
ഭക്ഷ്യമെമ്മട്ടു തേടിവെക്കുന്നുവോ
മൃത്യുകാലസഹായാർത്ഥമാവിധം
പുണ്യജാലങ്ങൾ തേടണം,ഗോവിന്ദ! 162

ലേശമേങ്കിലുമീശ്വരചിന്തക-
ളാശയത്തിൽ കലാരാത്ത ലേഖനം
ഇന്നുകാണുന്നുസാഹിത്യസൃഷ്ടിയി-
ലാത്മനാശം വരുത്തുവാൻ,ഗോവിന്ദ! 163

വണ്ടുവന്നു മുരണ്ടു വിളിക്കിലും
മൊട്ടു വാതിലടച്ചുവസിച്ചിടും,
ഭോഗജാലങ്ങൾ മാടിവിളിക്കിലും
ഭക്തചിത്തമിളകിടാ,ഗോവിന്ദ! 164

വാസകം ബത! നഗ്നത മാറ്റുവാൻ
സാദ്ധ്യമല്ലെങ്കിലെന്തിനുടുക്കണം,
ഈശചിന്തയാൽ ശുദ്ധമാകാത്തതാം
ബുദ്ധിയുംബത! നിഷഫലം, ഗോവിന്ദ! 165

വിത്തമാർജ്ജിച്ചു വയ്ക്കണമെങ്കിലോ
സത്യധർമ്മാദിയോടതുചെയ്യണം,
സത്യധർമ്മം വെടിഞ്ഞു ഹാ! നേടുകിൽ
വിത്തമല്ലാ, വിഷമതു, ഗോവിന്ദാ ! 166

വീണുപോകുമീ ദേഹമെന്നോർത്തു-
കാണിനേരവും പാഴായ് കളയാതെ
കൃത്യമൊക്കയും ശ്രദ്ധയാ ചേയ്യണം
കർമ്മപൂർത്തി വരുത്തണം, ഗോവന്ദ! 167

വൃത്തിശുദ്ധീയും, ജീവിതശുദ്ധിയും
കർമ്മശുദ്ധിയും, വാങ്മനശുദ്ധിയും
ഒത്തുചേരുകിൽ ഭീതിവേണ്ടല്പവും
മുക്തിതാനെലഭിച്ചിടും , ഗോവിന്ദ! 168

വേല്ലമേറ്റം മധുരമാണേങ്കിലു-
മല്ലലേകുമതേറെബ്ഭുജിക്കുകിൽ,
സൗഖ്യമാർഗ്ഗങ്ങഴേറെുകിലായതും
ദു:ഖഹേതുവായ് തീർന്നിടും, ഗോവിന്ദ! 169

വേലികെട്ടി വിളഭൂമിയാകാക്കണം
കാലയവന്നതുതിന്നാതിരിക്കുവാൻ,
ജീവതവിളഭൂമിക്കുരക്ഷയായ്
ഭക്തിവേലിചമയ്ക്കണം, ഗോവിന്ദ! 170

ശർമ്മ ദുഖ:ങ്ങളോർക്കുകിൽ മാനസ-
ഭാവമെന്നു നിനച്ചു വസിക്കണം.
ചിത്തമാകയാൽ സ്വാധീനമാക്കണം
ശർമ്മമെപ്പൊഴും കൈവരും ഗോവിന്ദ! 171

ശാഡ്വലങ്ങളണയുന്ന ഗോവുക-
ളാർത്തി തീർത്തു ഭുജിക്കുവാനെപ്പൊഴും
ആത്മശാന്തി ഭജിക്കുവാൻ നിശ്ചയം
മോക്ഷമാർഗ്ഗം ഗമിക്കണം,ഗോവിന്ദ! 172

ശിക്ഷനല്ലപോൽ ചെയ്യുകിൽ മാത്രമേ
വിദ്യ ഹൃത്തിലുറച്ചു ഫലം തരൂ,
ഭക്തി മുക്തിദമാകാണമെങ്കിലോ
കർമ്മശുദ്ധി വരുത്തണം,ഗോവിന്ദ! 173

ശീലമേറ്റം പ്രധാനമെന്നാകയാൽ
നല്ലശീലം വളർത്തണമേവരും
സത് സ്വഭാവം വളരുവാനോർക്കുകിൽ
കർമ്മശുദ്ധി വരുത്തണം ഗോവിന്ദ! 174

ശുക്തിപോലകം ശുഭ്രമായീടണം
മുക്തിനേടുവാൻ ശുദ്ധിതാൻ കാരണം
ശുഭ്രഭാവ വിചാരങ്ങൾ കൊണ്ടകം
ശുദ്ധിചെയ്തുവസിക്കണം ഗോവിന്ദ! 175

ശേഷിശേമുഷിമൽകിയതീശ്വര-
വൈഭവങ്ങളറിഞ്ഞു വസിക്കുവാൻ,
ഈശചിന്ത കലരാത്തജിവിതം
ധന്യമല്ല,തു, ശപ്തമാം,ഗോവിന്ദ! 176

ശൈശവത്തിലെ നിഷ്കളചിത്തുപോ-
ലാകണം തവ മാനസമെപ്പൊഴും,
കാമക്രോധമദാദി വെടിയുകി-

ലഘരചിത്തനായ് വാണിടാം,ഗോവിന്ദ! 177

ശോകമാത്മവിനാശകമോർക്കണ-
മൊന്നുകൊണ്ടും തപിക്കാതിരിക്കണം,
സത് ചിത് ആനന്ദരൂപിയാമീശ്വനെ
ചിന്ത ചെയ്തുവസിക്കണം,ഗോവിന്ദ! 178

ശ്രീകലന്നുവസിക്കവാനൂഴിയിൽ
ശ്രീപതീപങ്കജമോർക്കണം
ശ്രീമദം ഹാ! വെടിഞ്ഞു വസിപ്പവൻ
ശ്രീ നമുക്കു വരുത്തിടും,ഗോവിന്ദ! 179

ഷട്പദോപമമൂഴി മുഴുവനും
ഭോഗവാഞ്ഛയാലോടി നടക്കൊലാ
ആശ്രിതജനരക്ഷകൻ തന്നുടെ
പാദപങ്കജം ചിന്തിക്ക, ഗോവിന്ദ! 180

സക്തിയീശ്വര ചിന്തയിലാകണം
സന്ത്യജിക്കണം മറ്റുള്ളചിന്തകൾ
കല്ലും നെല്ലും പെറുക്കി കളഞ്ഞുതാൻ
ഭുക്തമാരും ചമയ്ക്കുന്നു, ഗോവിന്ദ! 181

സാരജത്തിനു തൈർ കടഞ്ഞീടണം
തങ്കമാക്കുവാൻ സ്വർണ്ണമുരുക്കണം,
മുക്തിനേടുവാൻ ജിവിതം,നിർഭയം
ഭക്തികൊണ്ടുകടയണം,ഗോവിന്ദ! 182

സിക്തസസ്യമേ സത്ഫലം തന്നിടൂ
ഭുക്തിക്കായതേയോഗ്യമായ് വന്നിടു
ഭക്തിവാരിയാൽ സിക്തമാം കർമ്മമേ
മുക്തിയാംഫലം തന്നിടൂ,ഗോവിന്ദ! 183

സീമയില്ലാത്ത മോഹജലധിയി-
ലാപതിച്ചു വിഫലം നാം നീന്തുന്നു,
താണു പോകാതെ രക്ഷപെട്ടീടുവാൻ
ഭക്തിപോതാമണാശ്രയം,ഗോവിന്ദ! 184

സുഭ്രുതന്നിൽ ഭ്രമിച്ചു വലയാതെ
ശുഭ്രകായനെ ചിന്ത ചെയ്തീടണം,
ഭ്രൂചലനം നിലയ്ക്കുമാവേളയി-
ലീശനാശ്രയമോർക്കണം,ഗോവിന്ദ! 185

സൂക്തമൊന്നും പഠിച്ചതില്ലെങ്കിലും
ഭക്തിയൊടൊരു നാമം ജപിക്കുകിൽ
തൃപ്തനായിടുമീശ്വരനാകയാൽ
ഭക്തിതന്നെ പ്രധാനമാം,ഗോവിന്ദ! 186

സേതുവാകണം ദേഹജീവിത-
സാഗരത്തിൻ മറുകരയെത്തുവാൻ
ദേഹമൊന്നതാനീശ്വരപൂജയും
സാധ്യമാകാനതുകുന്നു,ഗോവിന്ദ! 187

സോമബിംബം മനോഹരമാകിലു-
മുണ്ടതിലും കളങ്കം 'മൃഗ'ചിഹ്നം
നിത്യനിർമ്മലമേറ്റവും സുന്ദരം
പങ്കജാക്ഷപദയുഗ്മം,ഗോവിന്ദ! 188

സൗരയൂഥം ചമച്ചതു പോറ്റിടും
ശില്പിയക്ഷയസമ്പത്തുടമതാൻ
ആശ്രിതർക്കുസമസ്തവുമേകിടും
കല്പശാഖിയെ ചിന്തിക്ക ,ഗോവിന്ദ! 189

സ്ത്രൈണനായി വസിപ്പവനൂഴിയിൽ
ഗദ്ദർഭോപമനേറ്റവും മന്ദധീ
ഭാരമേന്തിത്തളർന്നു കുഴഞ്ഞവൻ
കാലനൂരുഗമിച്ചിടും , ഗോവിന്ദ! 190

സ്നിഗ്ധമാകണം മാനസം ശുദ്ധമാം
സ്നേഹധാരയാൽ മാറണം കന്മഷം
ഭിന്നജീവികളൊക്കെയമൊന്നതാ
നാത്മസത്തയാൽ തേറണംഗോവിന്ദ! 191

സ്പർശതൻസ്പൃഹവിത്തത്തിലാകയാൽ
ഭേദബുദ്ധിയവൾക്കില്ലിതാരിലും.
മുക്തിനേടുവാൻ വേശ്യതൻ ഹ്യത്തുപോൽ
ഭേദചിന്തവെടിയണം, ഗോവിന്ദ! 192

സംഗമൊന്നുതാൻ മുക്തിക്കു വിഘ്നമായ്
നിന്നുമർത്യനെയാഴ്ത്തുന്നു മായയിൽ,
സംഗഹീനനായ് വാഴണമെപ്പൊഴും
സംഗനാശനം ചിന്തിച്ചു , ഗോവിന്ദ! 193

ഹർമ്മ്യമംബരചുംബിയായ് തീർത്തു ഹാ!
ശർമ്മമെന്നിയെ വാഴ്വതിൽ കാമ്യമാം
ചെറ്റയൊന്നു ചമച്ചു പരം പദം
ചിന്തചയ്തുവസിപ്പതു,ഗോവിന്ദ! 194

ഹാവഭാവവിലാസലഹരിയാൽ
ഹ! വലഞ്ഞു നടക്കുന്ന മാനുഷാ!
ഹാലശക്തി നശിക്കുമാ വേളയിൽ.
ഹാസ്യപാത്രമായ് തീർന്നിടും ഗോവിന്ദ! 195

ഹിംസ്രകോപമമോടി നടന്നു ,ഹാ!
തേടുന്നതെന്തിനു ഭോഗമാം മാനിനെ
ആടൽപെട്ടു ഭുജിക്കുമളവിലു-
മാശതീരാതിരിക്കുന്നു ഗോവിന്ദ! 196

ഹീനകർമ്മമതോരോന്നനുഷ്ഠിച്ചു
നേടിടുന്ന ധനമാകെ നൽകിലും
മൃത്യു തന്നുടെ കൈ തട്ടിമാറ്റുവാൻ
സാധ്യമല്ലെന്നു ചിന്തിക്കു, ഗോവിന്ദ! 197

ഹ്യത്തിലീശ്വര രൂപം ലസിക്കണം
നേത്രയുഗ്മാലനെപ്പൊഴും കാണണം
നാവിലീശ്വരനാമം വസിക്കണം

കാതിനാലതു കേൾക്കണം, ഗോവിന്ദ! 198


ഹേതുഭൂതം സമസ്ത ജഗത്തിനു-
മീശനെന്നു ധരിച്ചു വസിക്കണം
നശ്വരം ബത: കാണുന്നതൊക്കയും
ശ്വാശ്വതൻ പരനോർക്കണം,ഗോവിന്ദ!

ഹ്രീ വെടിഞ്ഞു സമസ്തസമയവും
പൂജചെയ്യേണമീശപദാംബുജം
ഹൃദ്യമാകണം തൽകഥാഭാഷണം
മിഥ്യ മാറിച്ചമയണം,ഗോവിന്ദ! 200

"ഭക്തിദീപ്തി" യാലീ വിധമക്ഷര
ബ്രഹ്മരൂപിയെപൂജ ചെയ്യുന്നു ഞാൻ
കർമ്മലോപം ഭവിക്കാതെ യീശ്വര
പാദപങ്കജം ചേരണം, ഗോവിന്ദ! 201

ശുഭം





പണിപ്പുരയിൽ

ശ്രീ കൃഷ്ണ ദർശനം
(മഹാകാവ്യം)

ഭക്തിദീപ്തി

ഗ്രന്ഥകർത്താ

മേപ്രാൽ ഏ.പി.രാഘവ പണിക്കർ



പത്തു "ദർശന" ങ്ങളിലായി
ശ്രീകൃഷ്ണകഥാമൃതം

ഗ്രന്ഥകർത്താവിന്റെ മറ്റു കൃതികൾ
ശ്രീ ചോറ്റാനിക്കര ദേവീ സ്തവം
മോഹിനീസുതചരിതം